**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1246** **12-02-2025 - ൽ മറുപടിയ്ക്ക്**

**ചെറിയകൊണ്ണി ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | അരുവിക്കര മണ്ഡലത്തിലെ ചെറിയകൊണ്ണി ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണം നാളിതുവരെ ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് സമയബന്ധിതമായി ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (എ) | അരുവിക്കര മണ്ഡലത്തിലെ ചെറിയകൊണ്ണി ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>2022-23 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ ചെറിയകൊണ്ണി ആയുർവേദ ഡിസ്പെൻസറിക്ക് വേണ്ടി കണ്ടെത്തിയ അരുവിക്കര പഞ്ചായത്തിന്റെ സ്ഥലം സന്ദർശിച്ചപ്പോൾ മെയിൻ റോഡിൽ നിന്നും 25 മീറ്റർ താഴെ ചെങ്കുത്തായ സ്ഥലം ഫീസിബിൾ അല്ല എന്ന് പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം വിലയിരുത്തുകയുണ്ടായി. ആയത് ബഹുമാനപ്പെട്ട എം.എൽ.എ.യെയും ആയുർവേദ മെഡിക്കൽ ഓഫീസറേയും അറിയിച്ചു. തുടർന്ന് ബഹുമാനപ്പെട്ട എം.എൽ.എ-യുടെ നിർദ്ദേശ പ്രകാരം ഈ സ്ഥലത്തിന് തൊട്ടു ചേർന്നു കിടക്കുന്ന സ്വകാര്യ വ്യക്തിയുടെ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് നൽകാമെന്ന് 03/10/2023- ലെ യോഗത്തിൽ പഞ്ചായത്ത് പ്രസിഡന്റ് അറിയിക്കുകയുണ്ടായി. തുടർന്ന് 13/11/2024-ൽ ഈ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്തതായ രേഖകൾ പൊതുമരാമത്ത് വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. ആയത് പ്രകാരം ആർക്കിടെക്ചറൽ രൂപരേഖ തയ്യാറാക്കുകയും ആയതിന്റെ ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരികയുമാണ്. |

സെക്ഷൻ ഓഫീസർ